**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5179** **14-03-2023 - ൽ മറുപടിയ്ക്ക്**

**നടുവട്ടം വില്ലേജിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ നടുവട്ടം വില്ലേജിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ആവശ്യപ്പെട്ട റിപ്പോർട്ട് മലപ്പുറം ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൻമേൽ മലപ്പുറം ജില്ലാ കളക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ നടുവട്ടം വില്ലേജിൽ റീ സർവ്വേ നം. 507/1ൽപ്പെട്ടതും സി.ആർ/527/73 നമ്പർ ഉത്തരവ് പ്രകാരം മിച്ചഭൂമിയായി ഏറ്റെടുത്തതുമായ 33.47 ഏക്കർ മിച്ചഭൂമിയിൽ നിന്നും കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിക്കാമെന്ന് ജില്ലാ കളക്ടർ ജനപ്രതിനിധികളേയും പൊതുവിദ്യാഭ്യാസ വകുപ്പിനേയും അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ നിന്നും കെ.എസ്.ഐ.ഡി.സിയ്ക്ക് Waste to Energy plant (ഖരമാലിന്യ പ്ലാന്റ്) തുടങ്ങുന്നതിന് 8 ഏക്കർ ഭൂമി പാട്ടത്തിന് നൽകി 17/12/22-ലെ സ.ഉ.(കൈ.) നം.302/2022/റവ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്. Waste to Energy plantന് 200 മീറ്റർ ചുറ്റളവിൽ റെസിഡൻഷ്യൽ പദ്ധതികൾ അനുയോജ്യമല്ല എന്ന് കെ.എസ്സ്.ഐ.ഡി.സി (KSIDC) മലപ്പുറം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ വിവരം ജില്ലാ കളക്ടർ ജനപ്രതിനിധികളേയും പൊതുവിദ്യാഭ്യാസ വകുപ്പിനേയും അറിയിച്ചിട്ടുണ്ട്.<br><br>ഈ മിച്ചഭൂമിയിൽ നിന്നും അതിഥി തൊഴിലാളികൾക്ക് ഷെൽട്ടർ നിർമ്മിക്കുന്നതി നായി ഭൂമി മാറ്റിവയക്കണമെന്ന് തിരൂർ ഭൂരേഖ തഹസിൽദാർ ശിപാർശ നൽകിയിട്ടുള്ളതാണ്. കൂടാതെ പ്രസ്തുത ഭൂമിയിൽപ്പെട്ട 14.21 ഏക്കർ ഭൂമി പതിച്ചു നൽകരുതെന്നാവശ്യപ്പെട്ട് ശ്രീ.നാരായണൻ നമ്പൂതിരി മുതൽ പേർ ബഹു.ഹൈക്കോടതിയിൽ |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്ത സി.ആർ.പി (എൽ.ആർ) 203/14 നമ്പർ കേസ് തീർപ്പാകാതെ നിലവിലുള്ളതുമാണ്. |
| (സി) | പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ലാന്റ് ബോർഡ് സെക്രട്ടറി, മലപ്പുറം ജില്ലാ കളക്ടർ എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിച്ചും നിയമ ധനകാര്യ വകുപ്പുകളുമായി കൂടിയാലോചിച്ചതിനും ശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ